Centre for One Health Kerala

# എലിപ്പനി (Leptospirosis)



### പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ?

- പനി
- തലവേദന
- വിറയൽ
- ശരീരവേദന അല്ലെങ്കിൽ പേശിവേദന
- ഛർദ്ദി അല്ലെങ്കിൽ ഓക്കാനം
- ചർമ്മത്തിന്റെയും കണ്ണുകളുടെയും മഞ്ഞനിറം (മഞ്ഞപ്പിത്തം)
- കണ്ണുകൾക്ക് ചുവപ്പ്
- വയറുവേദന
- വയറിളക്കം
- ചുവന്ന പാടുകൾ / തടിപ്പ്



### പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം ?

- എലിവർഗ്ഗങ്ങളുടെ മൂത്രം ഏതെങ്കിലും വിധത്തിൽ മനുഷ്യരുടെയോ മൃഗങ്ങളുടെയോ കുടിവെള്ളം, ഭക്ഷണപദാർത്ഥങ്ങൾ, ശരീരത്തിലെ മുറിവുകൾ, മൃദുവായചർമ്മം, ശ്ലേഷ്മ ചർമ്മം എന്നിവയിലൂടെ ശരീരത്തിൽ കടന്ന് രോഗാണുബാധ ഉണ്ടാക്കുന്നു.
- വയലുകൾ/വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലേക്ക് പോകുമ്പോൾ സംരക്ഷണ വസ്ത്രങ്ങൾ (gloves/boots)ധരിക്കുക.
- എലികൾക്ക് പുറമെ രോഗം ബാധിച്ചതും രോഗം ഭേദമായതുമായ വളർത്തുമൃഗങ്ങളുടേയും വന്യമൃഗങ്ങളുടേയും മൂത്രത്തിലൂടെയും ജനനേന്ദ്രിയ സ്രവങ്ങളിലൂടെയും എലിപ്പനി പകരാം.
- അനുകൂല സാഹചര്യങ്ങളിൽ ഈ രോഗാണുവിന് മണ്ണിലും മറ്റും മാസങ്ങളോളം വീര്യത്തോടെ നിലനിൽക്കാൻ സാധിക്കും.
- അണുക്കൾ മനുഷ്യരുടെയും മൃഗങ്ങളുടെയും തൊലിയുമായി സമ്പർക്കം ഉണ്ടാക്കാനുള്ള സാഹചര്യം ഒഴിവാക്കണം.
- അണുക്കൾ കുടിവെള്ളം, ഭക്ഷണം എന്നിവയിലെത്താതെ നോക്കുന്നതാണ് അടുത്ത മാർഗ്ഗം. ഇതിൽ മുഖ്യം എലിനശീകരണമാണ്.
- പലവിധത്തിലുള്ള എലിക്കെണികൾ ഉപയോഗിച്ചും മറ്റു മാർഗ്ഗങ്ങളിലൂടെയും എലികളെ നശിപ്പിക്കാവുന്നതാണ്.
- എലികൾ വളരുവാനും പെരുകുവാനുമുള്ള സാഹചര്യം ഒഴിവാക്കണം. ഇതിൽ ഏറ്റവും പ്രധാനം മാലിന്യസംസ്ക്കരണമാണ്.

